# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

**മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിൻെറ ഭാഗമായി പെരിമീറ്റർ റോഡ്, വാച്ച് ടവർ നിർമ്മാണ പദ്ധതിക്ക് വേണ്ടി കൊണ്ടോട്ടി താലൂക്കിൽ നെടിയിരുപ്പ് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ**

**മലപ്പുറം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

**അർത്ഥനാധികാരി**

**എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ**


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

**രാജഗിരി ഔട്ട്റീച്ച്**

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്

രാജഗിരി.പി.ഒ. കളമശേരി, പിൻ: 683 104

ഫോൺ: 0484 2911332/2550785

outreach@rajagiri.edu

rossrajagiri@gmail.com

www.rajagirioutreach.in


**12 ഒക്ടോബർ 2026**

**ഉള്ളടക്കം**

**അദ്ധ്യായം 1: പഠനത്തിന്റെ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിന്റെ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

## അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

## അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

## അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.4.1. പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസുകൾ.

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് നിയമം 1955 പ്രകാരം 27.03.2002 ൽ രജിസ്റ്റർ ചെയ്ത ഒരു സർക്കാരിതര സംഘടനയാണ് രാജഗിരി ഔട്ട്റീച്ച്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ ഒരു സാമൂഹ്യ സേവന വിഭാഗമായി രാജഗിരി ഔട്ട്റീച്ച് പ്രവർത്തിക്കുന്നു. സാമൂഹ്യ സേവന പ്രവർത്തനങ്ങളോടൊപ്പം, വിവിധങ്ങളായ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും രാജഗിരി ഔട്ട്റീച്ച് ചെയ്തുവരുന്നു. RFCTLARR ACT-2013 അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി ഔട്ട്റീച്ചിന് ലഭിച്ചിട്ടുണ്ട്.

2026 മെയ് 14 തീയതിയിലെ നമ്പർ 1571, വാല്യം 15 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മലപ്പുറം ജില്ലാ കളക്ടറുടെ 14.05.2026 തീയതിയിലെ വിജ്ഞാപനം നമ്പർ DCMPM/7347/2024-LA-1 പ്രകാരം മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ (കരിപ്പൂർ വിമാനത്താവളം) റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിൻെറ ഭാഗമായി പെരിമീറ്റർ റോഡ്, വാച്ച് ടവർ നിർമ്മിക്കുന്നതിന് വേണ്ടി മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ നെടിയിരുപ്പ് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ കരട് രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യപ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും (അദ്ധ്യായം:7) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**മീന കുരുവിള**
പ്രോജക്ട് ഡയറക്ടർ & ചെയർപേഴ്സൺ

# അദ്ധ്യായം 1

## പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും പൊതു ആവശ്യവും

റോഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ എന്നിവ രാജ്യത്തിൻെറ സാമ്പത്തിക വളർച്ചക്കും വ്യാപാര ബന്ധങ്ങൾക്കും ജനങ്ങളുടെ സുഗമമായ യാത്രക്കും അത്യന്താപേക്ഷിതമാണ്. ഈ അടിസ്ഥാന സൗകര്യങ്ങൾ രാജ്യത്തിൻെറ ജീവനാഡിയായി പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ (കരിപ്പൂർ വിമാനത്താവളം) റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിൻെറ ഭാഗമായി പെരിമീറ്റർ റോഡ്, വാച്ച് ടവർ നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. വിമാന താവളത്തിൻെറ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമാണിത്. RESA (Runway End Safety Area) യുടെ വിപുലീകരണം, പെരിമീറ്റർ റോഡ് നിർമ്മാണം, വാച്ച് ടവറുകൾ എന്നിവയാണ് പദ്ധതിയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ. വിമാനങ്ങൾ റൺവേയിൽ നിന്ന് പുറത്തേക്ക് പോയാലുണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള സുരക്ഷിത മേഖലയുടെ നീളം ഇരുവശങ്ങളിലും വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ടേബിൾ ടോപ്പ് റൺവേ ആയതിനാൽ വലിയ മൺതിട്ടകൾ ഉണ്ടാക്കിയാണ് ഇത് നിർമ്മിക്കുന്നത്. 2020 ഓഗസ്റ്റിലുണ്ടായ എയർ ഇന്ത്യ എക്സ്പ്രസ് വിമാനപകടത്തെ തുടർന്ന് റൺവേയുടെ സുരക്ഷയും അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും വർദ്ധിപ്പിക്കണ മെന്ന് വ്യോമയാന മന്ത്രാലയം കർശന നിർദ്ദേശം നൽകിയിരുന്നു. ഇതിൻെറ അടിസ്ഥാനത്തിലാണ് നീളം കൂട്ടാനും, അതോടൊപ്പം അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കാനും തീരുമാനിച്ചത്. വിമാന താവളത്തിന് ചുറ്റുമുള്ള പഴയ പെരിമീറ്റർ റോഡ് വളരെ വീതി കുറഞ്ഞതായിരുന്നതിനാൽ, അപകട സമയങ്ങളിൽ ഫയർ ഫോഴ്സ് വാഹനങ്ങൾക്കും മറ്റ് രക്ഷാ പ്രവർത്തനങ്ങൾക്കും സുഗമമായി കടന്ന് പോകാൻ ഇത് തടസ്സമാണ്. ആയതിനാൽ, വലിയ ഫയർ എഞ്ചിനുകൾക്ക് വരെ വേഗത്തിൽ സഞ്ചരിക്കാൻ പാകത്തിൽ അത്യാധുനിക രീതിയിൽ വീതി കൂട്ടിയാണ് പുതിയ പെരിമീറ്റർ റോഡ് നിർമ്മിക്കുന്നത്.

പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ ഏകദേശം 14.5 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുള്ളതും, അതിൽ നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടുള്ളതുമാണ്. പദ്ധതിക്ക് വേണ്ടി 0.0807 ഹെക്ടർ (19.94 സെൻറ്) സ്ഥലം പുതിയതായി ഏറ്റെടുക്കുന്നതിന് ജില്ലാ കലക്ടർ അനുമതി നൽകിയിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ കരട് രേഖയാണിത്.

കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ RESA (Runway End Safety Area) യുടെ വികസനത്തിന് വേണ്ടി നെടിയിരുപ്പ് വില്ലേജിൽ നിന്ന് ഏകദേശം 0.0807 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 (1) b പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരുപ്പ് വില്ലേജിൽ നിന്നുള്ള പ്രദേശങ്ങളാണ്. കൂടാതെ, പദ്ധതി ബാധിത പ്രദേശം കൊണ്ടൊട്ടി മുനിസിപ്പാലിറ്റിയിലെ ഡിവിഷൻ 19 ൽ ഉൾപ്പെടുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2026 മെയ് 14 തീയതിയിലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ മലപ്പുറം ജില്ലാ കളക്ടറുടെ വിജ്ഞാപനം DCMPM/7347/2024-LA1 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് കോഴിക്കോട് വിമാന താവളത്തിൻെറ റൺവേ എൻഡ് സേഫ്റ്റി ഏരിയയുടെ വിപുലീകരണത്തിൻെറ ഭാഗമായി പെരിമീറ്റർ റോഡ്, വാച്ച് ടവർ എന്നിവ നിർമ്മിക്കുന്നതിനായി കൊണ്ടോട്ടി താലൂക്കിലെ നെടിയിരുപ്പ് വില്ലേജിൽ നിന്നും 0.0807 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

| **താലൂക്ക്** | **വില്ലേജ്** | **സർവ്വെ നമ്പർ** | **വിവരണം** | **വിസ്തീർണ്ണം** (ഹെക്ടർ) |
|---|---|---|---|---|
| കൊണ്ടോട്ടി | നെടിയിരുപ്പ് | 64/4 | പുരയിടം | 0.0807 |
| **ആകെ** | | | | **0.0807** |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിർദ്ദിഷ്ട സ്ഥലമേറ്റെടുക്കൽ പദ്ധതി കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA - Runway End Safety Area) യുടെ വിപുലീകരണത്തിൻെറ ഭാഗമായതിനാൽ, അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലമാണ് ഏറ്റെടുക്കുന്നത്. ആയതിനാൽ, ഇതര മാർഗ്ഗങ്ങൾ പരിശോധിക്കപ്പെട്ടിട്ടില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി നെടിയിരുപ്പ് വില്ലേജിൽ നിന്ന് സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ട് ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. 3 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ഇത്തരത്തിൽ വിവരശേഖരണം നടത്തിയത്. കൂടാതെ, പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളുമായി സംഭാഷണം നടത്തുകയും ചെയ്തു.

പ്രദേശത്തെ ഭൂമി പൂർണ്ണമായും നഷ്ടപ്പെടുക, കുടിയൊഴിപ്പിക്കപ്പെടുക, വീട്, ചുറ്റുമതിൽ, വിറക് പുര, ബാത്ത് റൂം, വേസ്റ്റ് ടാങ്ക്, സെപ്റ്റിക് ടാങ്ക്, കിണർ, മറ്റ് അനുബന്ധ സൗകര്യങ്ങൾ നഷ്ടപ്പെടുക, തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, പപ്പായ, ചേന, റമ്പുട്ടാൻ, കരിനെച്ചി, എരണി, മരച്ചീനി, തേക്ക്, മഹാഗണി, തുടങ്ങിയ ഫല വൃക്ഷങ്ങൾ / മരങ്ങൾ / കൃഷി നഷ്ടപ്പെടുക, എന്നിവയാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ. പഠനത്തിൽ പങ്കെടുത്തവർ നൽകിയ വിവരമനുസരിച്ച് ഓരോ ഭൂവുടമക്കും നേരിടേണ്ടി വരുന്ന പ്രത്യാഘാതങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

*പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ*

| *ക്രമ നമ്പർ* | *പ്രത്യാഘാതങ്ങൾ* | **ആഘാതബാധിതമാകുന്ന** *കുടുംബങ്ങളുടെ എണ്ണം* | *വിശദീകരണം* |
|---|---|---|---|
| **ഭൂമി പദ്ധതിബാധിതമാകൽ** | | | |
| 1 | കൈവശഭൂമി നഷടമാകൽ | 3 | • 3 ഭൂവുടമകളുടെ കൈവശ ഭൂമി പൂർണ്ണമായും നഷ്ടപ്പെടും, ഇതിൽ 2 ഭൂവുടമകൾ കുടിയൊഴിപ്പിക്കപ്പെടും. |
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 3 ഭൂവുടമകൾ | • 3 വീടുകൾ പൂർണ്ണമായും നഷ്ടപ്പെടുന്നു. -2 വീടുകളിൽ കുടുംബം താമസിക്കുന്നു - ഒരു വീട് അടച്ചിട്ടിരിക്കുന്നു. |
| 3 | അനുബന്ധ സൗകര്യങ്ങൾ/ നിർമ്മിതികൾ | 3 ഭൂവുടമകൾ | • ചുറ്റുമതിൽ, വിറക്പുര, ബാത്ത് റൂം, വേസ്റ്റ് ടാങ്ക്, സെപ്റ്റിക് ടാങ്ക്, കിണർ, |
| **കൃഷി / മരങ്ങൾ നഷ്ടമാകൽ** | | | |
| 4 | കൃഷി / മരങ്ങൾ നഷ്ടമാകൽ | 3 ഭൂവുടമകൾ | തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, പപ്പായ, ചേന, മരച്ചീനി, റമ്പുട്ടാൻ, കരിനെച്ചി, തേക്ക്, മഹാഗണി, എരണി, മുള്ളങ്കായിനി, വട്ടയില |
| **മറ്റ് പ്രത്യാഘാതങ്ങൾ** | | | |
| 6 | ആരോഗ്യ പ്രശ്നങ്ങൾ/അപകട സാധ്യതകൾ | | നിർമ്മാണ ഘട്ടത്തിൽ പൊടിശല്യം, ശബ്ദ മലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 7 | പരിസര മലിനീകരണം | | നിർമ്മാണ മാലിന്യങ്ങൾ മൂലം |

**1.6. ലഘൂകരണ നടപടികൾ**

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015

തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ പദ്ധതിബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 4 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 5 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകു വാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രി കളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ ആസൂത്രണം ചെയ്യണം. |
| 6 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. |
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ (കരിപ്പൂർ വിമാനത്താവളം) റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിൻെറ ഭാഗമായി സ്ഥലം ഏറ്റെടുത്ത് പെരിമീറ്റർ റോഡ് വാച്ച് ടവർ നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. 2020 ഓഗസ്റ്റിലുണ്ടായ എയർ ഇന്ത്യ എക്സ്പ്രസ് വിമാനപകടത്തെ തുടർന്ന് റൺവേയുടെ സുരക്ഷയും അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും വർദ്ധിപ്പിക്കണമെന്ന് വ്യോമയാന മന്ത്രാലയം നിർദ്ദേശം നൽകിയതിൻെറ അടിസ്ഥാനത്തിൽ നീളം കൂട്ടാനും അതോടൊപ്പം അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കാനും തീരുമാനിച്ചത്. വിമാന താവളത്തിൻെറ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമാണിത്. RESA (Runway End Safety Area) യുടെ വിപുലീകരണം, പെരിമീറ്റർ റോഡ് നിർമ്മാണം, വാച്ച് ടവറുകൾ എന്നിവയാണ് പദ്ധതിയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ. അതിൻ പ്രകാരം 06/01/2023 തീയതിയിലെ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച മലപ്പുറം ജില്ലാ കലക്ടറുടെ വിജ്ഞാപനം നമ്പർ GO (P) No. 2/2023/RD പ്രകാരം ഏകദേശം 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുകയും, കൂടാതെ, 31.07.2025 തീയതിയിലെ കത്തിലൂടെ മലപ്പുറം ജില്ലാ കളക്ടർ ആവശ്യപ്പെട്ടത് പ്രകാരം റവന്യു (ബി) വകുപ്പിൻെറ ഉത്തരവ് സ.ഉ (സാധാ) നം.2222/2025/RD പ്രകാരം 0.0807 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ (0.0807 ഹെക്ടർ) പദ്ധതിക്ക് വേണ്ടി അർത്ഥനാധികാരിയായിട്ടുള്ളത് എയർപോർട്ട് ഡയറക്ടർ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കരിപ്പൂർ എയർപോർട്ടും ആയിരിക്കും.

**2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി**

റോഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ എന്നിവ വികസിപ്പിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ (കരിപ്പൂർ വിമാനത്താവളം) റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിൻെറ ഭാഗമായി പെരിമീറ്റർ റോഡ്, വാച്ച് ടവർ നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1) യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും (b) ഉൾപ്പെടുന്നു.

**2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഫോറം നമ്പർ 2 ൽ അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം അനുസരിച്ച് പദ്ധതിക്ക് വേണ്ടി മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരുപ്പ് വില്ലേജിൽ നിന്ന് ഏകദേശം 0.0807 ഹെക്ടർ (19.9 സെൻറ്) സ്ഥലമാണ് നിലവിൽ ഏറ്റെടുക്കേണ്ടത്. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഡിവിഷൻ 29 ൽ ഉൾപ്പെട്ട പ്രദേശവുമാണ്. നിലവിലെ ഡിസൈൻ പ്രകാരം പെരിമീറ്റർ റോഡ് നിർമ്മാണം, വാച്ച് ടവറുകൾ എന്നിവയാണ് പദ്ധതിയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ. വിമാന താവളത്തിൻെറ സുരക്ഷ വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

**2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

നിർദ്ദിഷ്ട സ്ഥലമേറ്റെടുക്കൽ പദ്ധതി കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA - Runway End Safety Area) യുടെ വിപുലീകരണത്തിൻെറ ഭാഗമാണ് എന്നതിനാൽ ഇതര മാർഗ്ഗങ്ങൾ പരിശോധിക്കപ്പെട്ടിട്ടില്ല. RESA ക്ക് വേണ്ടി ചുറ്റുമതിൽ കെട്ടുന്നതിന് പള്ളിക്കൽ വില്ലേജിലെ ബ്ലോക്ക് 11 ലെ 177/22, 177/23 എന്നീ റീസർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട

0.0240 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പരിഗണിച്ചിരുന്നത്, പ്രസ്തുത സ്ഥലം ഏറ്റെടുക്കുമ്പോൾ സ്ഥലത്തോട് ചേർന്നുള്ള ഇരുനില വീട് കൂടി ഏറ്റെടുക്കേണ്ടി വരുമെന്നതിനാൽ ആ പ്രൊപ്പോസലിന് അനുമതി ലഭ്യമായില്ല.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിക്ക് വേണ്ടി ആദ്യ ഘട്ടത്തിൽ ഏകദേശം 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുകയും, അതിൽ നിർമ്മാണ പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണ പ്രവർത്തി നടക്കുന്നതോടൊപ്പം, പുതുതായി വിജ്ഞാപനം ചെയ്തിട്ടുള്ള 0.0807 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിർദ്ദിഷ്ട പദ്ധതിയുടെ നിലവിലെ അലൈൻമെൻറ് പ്രകാരം RESA (Runway End Safety Area) യുടെ വിപുലീകരണം, പെരിമീറ്റർ റോഡ് നിർമ്മാണം, വാച്ച് ടവറുകൾ എന്നിവയാണ് പദ്ധതിയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ. വിമാനങ്ങൾ റൺവേയിൽ നിന്ന് പുറത്തേക്ക് പോയാലുണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള സുരക്ഷിത മേഖലയുടെ നീളം ഇരുവശങ്ങളിലും വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ടേബിൾ ടോപ്പ് റൺവേ ആയതിനാൽ വലിയ മൺതിട്ടകൾ ഉണ്ടാക്കിയാണ് ഇത് നിർമ്മിക്കുന്നത്. വിമാന താവളത്തിന് ചുറ്റുമുള്ള പഴയ പെരിമീറ്റർ റോഡ് വളരെ വീതി കുറഞ്ഞതായിരുന്നതിനാൽ, അപകട സമയങ്ങളിൽ ഫയർ ഫോഴ്സ് വാഹനങ്ങൾക്കും മറ്റ് രക്ഷാ പ്രവർത്തനങ്ങൾക്കും സുഗമമായി കടന്ന് പോകാൻ ഇത് തടസ്സമാണ്. ആയതിനാൽ, വലിയ ഫയർ എഞ്ചിനുകൾക്ക് വരെ വേഗത്തിൽ സഞ്ചരിക്കാൻ പാകത്തിൽ അത്യാധുനിക രീതിയിൽ വീതി കൂട്ടിയാണ് പുതിയ പെരിമീറ്റർ റോഡ് നിർമ്മിക്കുന്നത്. കൂടാതെ, വിമാന താവളത്തിൻെറ സുരക്ഷ നിരീക്ഷണത്തിനായി പുതിയ വാച്ച് ടവറുകൾ നിർമ്മിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു.

### 2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണ ഘട്ടത്തിൽ പൊടി ശല്യം, ശബ്ദ മലിനീകരണം എന്നിവ മൂലം ജനങ്ങൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള ബുദ്ധിമുട്ടുകൾ കുറക്കുന്നതിനാവശ്യമായ നടപടികൾ ഉറപ്പ് വരുത്തണം.

### 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ച് ജോലികൾ നിർവ്വഹിക്കും.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2023 ജനുവരി 06 തീയതിയിലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് കാലിക്കറ്റ് ഇൻറർ നാഷണൽ എയർപോർട്ടിൻെറ റൺവെ എൻറ് സേഫ്റ്റി ഏരിയയുടെ (RESA) വികസനത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറ്, തിരുവനന്തപുരത്തിനെ നിയോഗിച്ചിട്ടുള്ളതും, പഠനം നടത്തി അന്തിമ രേഖ സമർപ്പിച്ചിട്ടുള്ളതുമാണ്. പദ്ധതിക്ക് വേണ്ടി പുതിയതായി 0.0807 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ രാജഗിരി ഔട്ട്റീച്ച് നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്.

### 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻറർ നാഷണൽ എയർപോർട്ടിൻെറ റൺവെ എൻറ് സേഫ്റ്റി ഏരിയയുടെ (RESA) വികസനത്തിൻെറ ഭാഗമായി പെരിമീറ്റർ റോഡ്, വാച്ച് ടവർ നിർമ്മിക്കുന്നതിന് വേണ്ടി ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരുപ്പ് വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമ ങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം.

❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതി യിലെ G.O(MS) No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെ നയം

❖ വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരുപ്പ് വില്ലേജിൽ നിന്നും ഏകദേശം 0.0807 ഹെക്ടർ ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് മലപ്പുറം ജില്ലാ കളക്ടർ 2026 മെയ് 14 തീയതിയിലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCMPM/7347/ 2024-LA1 പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിൻെറ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 7 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി.. കൺസൽട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന ഗവേഷണ മേഖലയിൽ 17 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൽട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൽട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യു, ചെയർപേഴ്സൺ | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 33 വർഷത്തെ പ്രവർത്തന പരിചയം |
| 6 | വിനയൻ വി എസ്സ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 23 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 30 വർഷത്തെ പ്രവർത്തന പരിചയം |

### 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാ തങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 03.09.2026 തീയതിയിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിന്റെ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിന്റെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ ഭവന സന്ദർശനം നടത്തി ടി ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും, ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങളും സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കരിപ്പൂർ എയർപോർട്ട് കാര്യാലയത്തിൽ നിന്നാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവര ങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ പദ്ധതി ബാധിത

കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിക്കുന്ന പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിക്കുന്ന അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കുന്നത്.

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാ കുന്നത്. ആയതിനാൽ പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന കുടുംബങ്ങളെ കണ്ടെത്തുകയും, അവരിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമിക വും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ പിന്നീട് ഇതോടൊപ്പം കൂട്ടിച്ചേർക്കുന്നതാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കരിപ്പൂർ എയർപോർട്ട് കാര്യാലയത്തിൽ നിന്നാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ

നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

**പട്ടിക 3.4.1.: പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസുകൾ.**

| തരം | വിവരങ്ങൾ | സ്രോതസ്സ് |
|---|---|---|
| **പ്രാഥമിക വിവരങ്ങൾ** | പദ്ധതി പ്രത്യാഘാതങ്ങൾ, പ്രദേശത്തിന്റെ പ്രത്യേകതകൾ, ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ | • പദ്ധതിബാധിത പ്രദേശം സന്ദർശനവും നിരീക്ഷണവും<br>• പദ്ധതിബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്ന് സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം.<br>• പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം |
| **ദ്വിതീയ വിവരങ്ങൾ** | പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ<br>ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങൾ | • സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കരിപ്പൂർ എയർപോർട്ട് |

**3.5. തത്പര കക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ**

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- ❖ സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കരിപ്പൂർ എയർപോർട്ട് കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം
- ❖ പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും
- ❖ പബ്ലിക് ഹിയറിംഗ്

# അദ്ധ്യായം 4
## സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻെറർ നാഷണൽ എയർപോർട്ടിൻെറ റൺവെ എൻറ് സേഫ്റ്റി ഏരിയ (RESA) വികസിപ്പിച്ച് പെരിമീറ്റർ റോഡ്, വാച്ച് ടവർ നിർമ്മിക്കുന്നതിന് വേണ്ടിയാണ് നിലവിലെ ഭൂമിയേറ്റെടുക്കൽ. ജില്ലയിലെ കൊണ്ടോട്ടി നഗര സഭ, പള്ളിക്കൽ പഞ്ചായത്ത് എന്നിവിടങ്ങളിലായാണ് കരിപ്പൂർ വിമാന താവളം എന്നറിയപ്പെടുന്ന കാലിക്കറ്റ് ഇൻെറർനാഷണൽ എയർ പോർട്ട് സ്ഥിതി ചെയ്യുന്നത്. കോഴിക്കോട് ടൗണിൽ നിന്നും ഏകദേശം 28 കിലോമീറ്റർ അകലെയാണ് ഈ എയർപോർട്ട്. പ്രവർത്തിക്കുന്നത്.. ഗേറ്റ്‌വേ ഓഫ് മലബാർ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ടേബിൾ ടോപ്പ് റൺവെ ഉള്ള ഈ വിമാന താവളം 1988 ഏപ്രിൽ 13 നാണ് പ്രവർത്തനം ആരംഭിച്ചത്. കോഴിക്കോട്, മലപ്പുറം, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ നിന്നുള്ളവരാണ് പ്രധാനമായും ഈ വിമാനത്താവളത്തെ ആശ്രയിക്കുന്നത്.

### 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം
*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

നിർദ്ദിഷ്ട പദ്ധതി എയർപോർട്ടിൻെറ സുരക്ഷയും അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും മെച്ചപ്പെടാൻ സഹായിക്കുന്നു. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി കൊണ്ടോട്ടി താലൂക്കിലെ നെടിയിരുപ്പ് വില്ലേജിൽ നിന്ന് 0.0807 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രദേശത്തെ ഭൂമി പൂർണ്ണമായും നഷ്ടപ്പെടുക/ കുടിയൊഴിപ്പിക്കപ്പെടുക, വീട്, ചുറ്റുമതിൽ, വിറക് പുര, ബാത്ത് റൂം, വേസ്റ്റ് ടാങ്ക്, സെപ്റ്റിക് ടാങ്ക്, കിണർ, മറ്റ് അനുബന്ധ സൗകര്യങ്ങൾ നഷ്ടപ്പെടുക, തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, പപ്പായ, ചേന, റമ്പുട്ടാൻ, കരിനെച്ചി, എരണി, മരച്ചീനി, തേക്ക്, മഹാഗണി, തുടങ്ങിയ ഫല വൃക്ഷങ്ങൾ / മരങ്ങൾ / കൃഷി നഷ്ടപ്പെടുക, തുടങ്ങിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

### 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ എയർപോർട്ട് ഡയറക്ടർ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ച അർത്ഥനാപത്രത്തിൽ 0.0807 ഹെക്ടർ സ്ഥലമാണ് പുതിയതായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതായി പറയുന്നത്. പദ്ധതിക്ക് വേണ്ടി മുമ്പ് 14.5 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. പദ്ധതിക്ക് ആവശ്യമായതും, ഏറ്റെടുക്കേണ്ടതുമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പഠന സംഘം വിലയിരുത്തുന്നു.

### 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പ്രദേശവാസികൾ പൊതുവായി ഉപയോഗിക്കുന്ന സ്ഥലം ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല.

### 4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് കരിപ്പൂർ വിമാനത്താവളത്തിൻെറ റൺവേ എൻറ് സേഫ്റ്റി ഏരിയയുടെ വികസനത്തിന് വേണ്ടി പള്ളിക്കൽ, നെടിയിരിപ്പ് വില്ലേജുകളിൽ നിന്നായി ഏകദേശം 14.5 ഏക്കർ ഭൂമി നേരത്തെ ഏറ്റെടുത്തിട്ടുള്ളതാണ്. പെരിമീറ്റർ റോഡ് വികസിപ്പിക്കുക, വാച്ച് ടവറുകൾ നിർമ്മിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ. പദ്ധതിക്ക് വേണ്ടി 0.0807 ഹെക്ടർ (19.94 സെൻറ്) സ്ഥലമാണ് പുതിയതായി ഏറ്റെടുക്കുന്നത്.

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

നാളത് ഭൂസ്ഥിതി പ്രകാരം മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരിപ്പ് വില്ലേജിൽ, ബ്ലോക്ക് നമ്പർ 36 ൽ റീസർവ്വെ നമ്പർ 64/4 ൽ നിന്നും പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ പൂർണ്ണമായും പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നു. പദ്ധതി പ്രദേശം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്നതും ഏറെക്കുറെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുടെയും പ്രാപ്യതയുള്ളതുമാണ്.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളുടെ 3 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. ടി ഉടമകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് പദ്ധതി ബാധിത സ്ഥലങ്ങളുടെ തരം, ഉപയോഗം തുടങ്ങിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

**പദ്ധതിബാധിത ഭൂമിയുടെ തരം**

സർവ്വെയിൽ പങ്കെടുത്ത 3 ഭൂവുടമകളും തങ്ങളുടെ സ്ഥലം പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് അറിയിച്ചു.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതി ബാധിത സ്ഥലങ്ങൾ പ്രധാനമായും താമസത്തിനായി ഉപയോഗിച്ചു വരുന്നു. ഏറ്റെടുക്കപ്പെടുന്ന 3 ഭൂവുടമകളുടെ ഭൂമിയിലും കൃഷി / മരങ്ങൾ ഉണ്ട്. പ്രധാനമായും തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, പപ്പായ, ചേന, റമ്പുട്ടാൻ, കരിനെച്ചി, എരണി, മരച്ചീനി, തേക്ക്, മഹാഗണി തുടങ്ങിയവ ആണ് ഇവിടെയുള്ളത്.

**4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള, 3 ഭൂവുടമകളിൽ, 2 ഭൂവുടമകളുടേത് കൂട്ടുടമസ്ഥതയിലുള്ളതും ഒരാളുടേത് വ്യക്തിഗത ഉടമസ്ഥതയിലുള്ളതുമായ സ്ഥലങ്ങളാണ്. നിർദ്ദിഷ്ട സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ രീതി പരിശോധിക്കുമ്പോൾ, ഉടമകൾ ടി സ്ഥലങ്ങൾ ഏകദേശം ഒരേ കാലയളവുകളിൽ വാങ്ങിയതാണ്.

**ഉടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ്**

ഒരു ഉടമക്ക് പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് 5 സെൻറിന് താഴെയും, മറ്റ് രണ്ട് ഭൂവുടമകൾക്ക് 7 – 8 സെൻറ് സ്ഥലവുമാണ്. മൂന്ന് ഭൂവുടമകളും പ്രസ്തുത സ്ഥലം താമസത്തിനായി ഉപയോഗിച്ച് വന്നിരുന്നതും അതിൽ ഒരു ഭൂവുടമയുടെ വീട് നിലവിൽ അടഞ്ഞ് കിടക്കുന്നതുമാണ്. കൂടാതെ, മൂന്ന്

ഭൂവുടമകളുടെ സ്ഥലങ്ങളിലും ഫല വൃക്ഷങ്ങൾ ഉൾപ്പടെയുള്ള മരങ്ങളൊ, ചെറിയ കൃഷിയൊ ഉള്ളതാണ്.

**4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ, നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി നേരത്തെ ഭൂമി ഏറ്റെടുക്കലിൽ സ്ഥലം നൽകിയിട്ടുള്ളതൊഴികെ കഴിഞ്ഞ 3 വർഷക്കാലമായി മറ്റ് ഭൂമി കൈമാറ്റമോ വ്യവഹാരങ്ങളോ നടന്നിട്ടില്ല.

# അദ്ധ്യായം – 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

മലപ്പുറം ജില്ലയിൽ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൻെറ, റൺവെ എൻറ് സേഫ്റ്റി ഏരിയ വികസനവുമായി ബന്ധപ്പെട്ട് പ്രൊവിഷൻ ഫോർ പെരിമീറ്റർ റോഡ് ആൻറ് വാച്ച് ടവർ ന് വേണ്ടി നെടിയിരിപ്പ് വില്ലേജിൽ നിന്നും 0.0807 ഹെക്ടർ സ്ഥലം പുതിയതായി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

**5.1. കുടുംബങ്ങളുടെ എണ്ണം**

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. നിലവിലെ ഭൂമി ഏറ്റെടുക്കലിൽ പരോക്ഷ ആഘാത ബാധിതർ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

**5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ**

*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

2026 മെയ് 14 തീയതിയിലെ 1571 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ മലപ്പുറം ജില്ലാ കളക്ടറുടെ വിജ്ഞാപനം DCMPM/7347/2024-LA1 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി പുതിയതായി 0.0807 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത സ്ഥലങ്ങളുടെ ഉടമകളായ 3 കുടുംബങ്ങളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| ക്രമ നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സർവ്വെ നമ്പർ | പ്രത്യാഘാതം |
|---|---|---|---|
| **I.** | **ചെറിയമുണ്ടം വില്ലേജ്** | | |
| 1 | സോമസുന്ദരം † പാച്ചത്ത് | 64/4-1 | ▪ വീട്, ശൗച്യാലയം, സെപ്റ്റിക് |

| | | | |
|---|---|---|---|
| | അനിത, കളത്തിൽ ഹൗസ്, കോട്ടപ്പറമ്പ്, ചിറയിൽ പി.ഒ, മലപ്പുറം, 9744 06 4885 | | ടാങ്ക്, കുഴൽ കിണർ, കിണർ, വേസ്റ്റ് ടാങ്ക്, ബാത്ത് റൂം ടാങ്ക്, ചുറ്റുമതിൽ,<br>▪ കവുങ്ങ്–2, തേക്ക്–8, മഹാഗണി–3, പ്ലാവ്–6, മുള്ളൻ പ്ലാവ്–1, മുള്ളങ്കായിനി–1, വട്ടയില–2, തെങ്ങ്–4, റംബുട്ടാൻ–3, പോടുവണി–2, മാവ്–1 |
| 2 | അബ്ദുൾ റസാഖ് † ബുഷ്റ, കോട്ടപറമ്പിൽ ഹൗസ്, ചിറയിൽ പി.ഒ, മലപ്പുറം, 9744667814 | 64/33 | ▪ വീട്, ശൗച്യാലയം, സെപ്റ്റിക് ടാങ്ക്, കുഴൽ കിണർ, ചുറ്റുമതിൽ,<br>▪ തെങ്ങ്–4, കവുങ്ങ്–2, പ്ലാവ്–3, തേക്ക്–2, കുരുമുളക്–3, കറിവേപ്പില–5, ആടലോടകം–1, നാരങ്ങ–2, ചക്കപ്പഴം–3, മുട്ടപ്പഴം–1, മാവ്–3, |
| 3 | അബൂബക്കർ കമ്പത്ത് ഹൗസ്, കൊണ്ടോട്ടി, ചിറയിൽ പി.ഒ, മലപ്പുറം, 8078 84 2091 | 64/34-1 | ▪ വീട് (അടച്ചിട്ടിരിക്കുന്നു) തെങ്ങ്–1, മാവ്–1, പ്ലാവ്–1, കരിനെച്ചി–1, എരണി–1, മരച്ചീനി, പപ്പായ–, ചേന, മൈലാഞ്ചി–1 |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4 കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

നഗര പ്രദേശത്ത് പട്ടയമില്ലാതെ താമസിക്കുന്ന കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

പദ്ധതി മൂലം ആരുടേയും ജീവനോപാധി നഷ്ടമാകുന്നില്ല.

**5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ**

പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായി ആരെയും പഠന സംഘം കണ്ടെത്തിയിട്ടില്ല.

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിബാധിതരാകുന്ന 3 ഭൂവുടമകളിൽ, എല്ലാ കുടുംബങ്ങൾക്കും ഫല വൃക്ഷങ്ങൾ, മരങ്ങൾ, കൃഷി എന്നിവ ബാധിക്കപ്പെടുന്നുണ്ട്. തെങ്ങ്, കവുങ്ങ്, പ്ലാവ്, മാവ്, മുള്ളൻ പ്ലാവ്, മുള്ളങ്കായിനി, വട്ടയില, മഹാഗണി, തേക്ക്, പോടുവണി, റംബുട്ടാൻ, കരിനെച്ചി1, എരണി, മരച്ചീനി, പപ്പായ, ചേന, മൈലാഞ്ചി, കുരുമുളക്, കറിവേപ്പില, ആടലോടകം, നാരങ്ങ, ചക്കപ്പഴം, മുട്ടപ്പഴം, തുടങ്ങിയവയാണ് ബാധിക്കപ്പെടുന്ന വിളകൾ.

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരുപ്പ് വില്ലേജിൽ നിന്നുള്ള പ്രദേശങ്ങൾ ആണ്. കൂടാതെ, ടി പ്രദേശങ്ങൾ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ വാർഡ് 29 ൽ ഉൾപ്പെടുന്നു. മുനിസിപ്പാലിറ്റിയിലെ ജന സംഖ്യാപരമായ വിവരം പരിശോധിച്ചാൽ, 2011 സെൻസസ് പ്രകാരം ആകെ ജനസംഖ്യയായ 59,256 ൽ 30,361 സ്ത്രീകളും, 28,895 പുരുഷന്മാരും ഉൾപ്പെടുന്നു.

പദ്ധതി ബാധിത കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ പരിശോധിച്ചാൽ, പദ്ധതിബാധിത കുടുംബങ്ങളിൽ, ഒരു കുടുംബത്തിൽ അംഗങ്ങളുടെ എണ്ണം 5 ഉം, മറ്റ് 2 കുടുംബങ്ങളിൽ 6 വീതവും ആണ്. ആകെയുള്ള അംഗങ്ങളിൽ 47 ശതമാനം പേർ പുരുഷന്മാരും 53 ശതമാനം പേർ സ്ത്രീകളുമാണ്. കൂടാതെ, 23.5 ശതമാനം പേർ 60 വയസ്സിന് മുകളിൽ ഉള്ളവരും, 12 ശതമാനം പേർ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുമാണ്.

പദ്ധതിബാധിത കുടുംബങ്ങളിൽ, 2 കുടുംബങ്ങൾ ഇസ്ലാം മത വിശ്വാസികളും ഒരു കുടുംബം ഹിന്ദുമത വിശ്വാസികളുമാണ്. പദ്ധതി ബാധിത കുടുംബങ്ങളിൽ, പട്ടിക ജാതി വിഭാഗത്തിൽ പെട്ട ഒരു കുടുംബവും ഉൾപ്പെടുന്നു.

### 6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, പദ്ധതി ബാധിത കുടുംബങ്ങൾ പ്രധാനമായും പിങ്ക് നിറത്തിലുള്ളതൊ നീല നിറത്തിലുള്ളതൊ, ആയ റേഷൻ കാർഡ് ആണ് കൈവശം വച്ചിരിക്കുന്നത്. കൂടാതെ, കൂലിപ്പണി, സ്വകാര്യ സ്ഥാപനത്തിലെ ജോലി, തുടങ്ങിയവയാണ് ഈ കുടുംബങ്ങളിലെ പ്രധാന വരുമാന മാർഗ്ഗങ്ങൾ.

### 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത കുടുംബങ്ങളിലെ, ആകെ അംഗങ്ങളിൽ 23.5 ശതമാനം ആളുകളും 60 വയസോ അതിൽ കൂടുതലോ പ്രായമുള്ള വയോജനങ്ങളാണ്. കൂടാതെ, ഒരു കിടപ്പ് രോഗിയും, അലർജി പ്രശ്നങ്ങളുള്ളവരും പദ്ധതി ബാധിത കുടുംബങ്ങളിൽ ഉൾപ്പെടുന്നു..

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

#### പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, വിവരം നൽകിയ 3 ഭൂവുടമളും താമസത്തിനായാണ് ടി ഭൂമി ഉപയോഗിച്ചിരുന്നത്. എന്നാൽ ഇതിൽ ഒരു കുടുംബം നിലവിൽ അവിടെ താമസിക്കുന്നില്ല. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ, ആരുടേയും ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നില്ല.

### 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

കൂലിപ്പണി, സ്വകാര്യ സ്ഥാപനത്തിലെ ജോലി എന്നിവയാണ് പദ്ധതി ബാധിത കുടുംബങ്ങളിലെ പ്രധാന ഉപജീവന മാർഗ്ഗങ്ങൾ

### 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ എല്ലാ കുടുംബങ്ങളും അണുകുടുംബങ്ങളാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

**6.8 ഭരണ സംഘടനകൾ**

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

**6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

കരിപ്പൂർ വിമാനത്താവളം എന്നറിയപ്പെടുന്ന കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ട് 1988 ഏപ്രിൽ 13 നാണ് ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചത്. സ്വാതന്ത്ര്യ സമര സേനാനിയായ ശ്രീ കെ.പി കേശവ മേനോൻെറ നേതൃത്വത്തിൽ മലബാറിൽ ഒരു വിമാനത്താവളം വേണമെന്ന ആവശ്യം 1977 മുതൽ ശക്തമായി ഉയർന്ന് വരികയും, എയർപോർട്ട് ഒരു യാഥാർത്ഥ്യമാക്കുന്നതിനായി ഗൾഫ് മലയാളികളുടെ നേതൃത്വത്തിൽ മലബാർ ഇൻറർനാഷണൽ എയർപോർട്ട് ഡവലപ്പ്മെൻറ് സൊസൈറ്റി രൂപീകരിച്ച് പണം സ്വരൂപിക്കുകയും ചെയ്തത് കരിപ്പൂർ വിമാനത്താവളത്തിൻെറ രൂപീകരണ ചരിത്രത്തിലെ പ്രധാന ഭാഗങ്ങളാണ്. കരിപ്പൂർ വിമാനത്താവളം സ്ഥിതി ചെയ്യുന്നത് മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി, പള്ളിക്കൽ പഞ്ചായത്ത് എന്നിവിടങ്ങളിലാണെങ്കിലും, അടുത്തുള്ള പ്രധാന വാണിജ്യ സംസ്കാരിക കേന്ദ്രമെന്ന നിലയിലും മറ്റും ഇത് അറിയപ്പെടുന്നത് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം എന്ന പേരിലാണ്. 1988 ൽ അന്താരാഷ്ട്ര വിമാനത്താവളമായി തുടങ്ങിയ ഈ സംരംഭം, ഗൾഫ് നാടുകളിലേക്കുള്ള പ്രവാസികളുടെ യാത്രകൾ വർദ്ധിച്ചതോടെ അതിവേഗം വളർന്ന് 2006 ഫെബ്രുവരി 2 ന് അന്താരാഷ്ട്ര പദവി ലഭിച്ചു. ടേബിൾ ടോപ്പ് റൺ വേയുള്ള ഇന്ത്യയിലെ ചുരുക്കം ചില വിമാനത്താവളങ്ങളിൽ ഒന്നാണ് എന്നത് കരിപ്പൂർ വിമാനത്താവളത്തിൻെറ ഒരു പ്രത്യേകതയാണ്.

2020 ഓഗസ്റ്റിലുണ്ടായ എയർ ഇന്ത്യ എക്സ്പ്രസ് വിമാനപകടത്തെ തുടർന്ന് കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ റൺവേയുടെ സുരക്ഷയും അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും വർദ്ധിപ്പിക്കണമെന്ന് വ്യോമയാന

മന്ത്രാലയം കർശന നിർദ്ദേശം നൽകിയതിൻെറ അടിസ്ഥാനത്തിൽ റൺവേയുടെ നീളം കൂട്ടാനും അതോടൊപ്പം അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കാനും തീരുമാനിച്ചു. അതിൻെറ അടിസ്ഥാനത്തിൽ പദ്ധതിക്കായി ഏകദേശം 14.5 ഏക്കർ സ്ഥലം ഏറ്റെടുത്ത് അതിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. തുടർന്ന്, പദ്ധതിക്ക് വേണ്ടി 0.0807 ഹെക്ടർ (19.94 സെൻറ്) സ്ഥലം കൂടി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടറിൽ നിന്ന് അനുമതി ലഭിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിൻെറ നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

വിമാനത്താവളത്തിൻെറ റൺവെ എൻറ് സേഫ്റ്റി ഏരിയ വികസനത്തോടൊപ്പം, പെരിമീറ്റർ റോഡ് വികസനവും വാച്ച് ടവറുകളുടെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതോട് കൂടി കരിപ്പൂർ വിമാനത്താവളത്തിൻെറ സുരക്ഷ വർദ്ധിക്കുന്നതോടൊപ്പം വലിയ വിമാനങ്ങളുടെ സർവീസുകൾ പൂർണ്ണ തോതിൽ പുനരാരംഭിക്കുന്നതിനും സഹായിക്കും. ഇത് മലബാറിലെ പ്രവാസികൾക്കും വ്യവസായ മേഖലക്കും വലിയ നേട്ടമുണ്ടാക്കും.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം ഏറെക്കുറെ പ്രാപ്യമാണ്.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ 03.09.2026 തീയതിയിൽ പദ്ധതിപ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിന്റെ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന പദ്ധതിബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി.

പഠനത്തിന്റെ അടുത്ത ഘട്ടമായി 27.10.2026 തീയതിയിൽ ചിറയിൽ ജി..എം.യു.പി സ്കൂൾ ഹാളിൽ ഉച്ചക്ക് 2 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്യും. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരിക്കും. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകും.

## 7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരുപ്പ് വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള,

കുടിയൊഴിപ്പിക്കപ്പെടൽ, വീട്, അവശ്യ സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ പദ്ധതി ബാധിതമാകൽ, ഫല വൃക്ഷങ്ങൾ, മരങ്ങൾ, കൃഷി പദ്ധതി ബാധിതമാകൽ, തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപനം എന്നിവ പദ്ധതി ബാധിതർക്ക് നൽകുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയ മായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

## 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ

കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ബാധകമല്ല.

**7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പദ്ധതിയുടെ രൂപരേഖയിൽ മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ

ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ / കുടി ഒഴിപ്പിക്കപ്പെടൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരമുള്ള നഷ്ടപരിഹാരം നൽകുക RFCTLARRനിയമം 2013 രണ്ടാം പട്ടിക പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | കുടി ഒഴിപ്പിക്കുന്നതിന് മുൻപേ പുനസ്ഥാപന നടപടികൾ, കുടുംബങ്ങളുടെ സുരക്ഷിതമായ താമസം ഉറപ്പ് വരുത്തികൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ യാതൊരുവിധ കുറവും വരാതെയുള്ള പുനരധിവാസ നടപടികൾ |
| 3 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാര വുമുള്ള നഷ്ടപരിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 4 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 5 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

ബാധകമല്ല

# അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിന്റെ (കരിപ്പൂർ വിമാനത്താവളം) റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിന്റെ ഭാഗമായി പെരിമീറ്റർ റോഡ് വാച്ച് ടവർ നിർമ്മിക്കുന്നതിനായി കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരുപ്പ് വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് മലപ്പുറം കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, (എൽ.എ), കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ട് ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം

23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻെറ് റെവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ–പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും.

നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയായ രാജഗിരി ഔട്ട്റീച്ചിനെ കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ റൺവേ എൻഡ് സേഫ്റ്റി ഏരിയയുടെ വികസനത്തിന് വേണ്ടി കൊണ്ടോട്ടി താലൂക്കിൽ നെടിയിരുപ്പ് വില്ലേജിൽ നിന്ന് ഏകദേശം 0.0807 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2026 മെയ് 14 തിയ്യതിയിലെ 1571 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCMPM/7347/2024-LA1 പ്രകാരം മലപ്പുറം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

### 8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

പദ്ധതി നിർമാണത്തിലൂടെ പ്രദേശത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീട് ബാധിതമാവുകയൊ, കുടിയൊഴിപ്പിക്കപ്പെടുകയൊ ചെയ്യുന്നു. ഇവ കൂടാതെ, കിണർ, കുഴൽ കിണർ, സെപ്റ്റിക് ടാങ്ക് തുടങ്ങിയ അവശ്യ സൗകര്യങ്ങളും ചുറ്റുമതിൽ, വിറക് പുര, ബാത്ത് റൂം തുടങ്ങിയ മറ്റ് നിർമ്മിതികളും നഷ്ടപ്പെടുന്നു. പ്രദേശത്തെ പ്രധാന വിളകളായ തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, എന്നിവയും ബാധിക്കപ്പെടുന്നുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും നൽകണം. ഭൂമി നഷ്ടമാകുന്ന എല്ലാ ഉടമകൾക്കും നഷ്ടപരിഹാരം നൽകണം. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സ്പെഷ്യൽ തഹസിൽദാർ, എൽ.എ., കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ട് പദ്ധതിയുടെ പുനരധിവാസ-പുനസ്ഥാപന പാക്കേജ് തയ്യാറാക്കുന്നതിന് ചുമതലപ്പെട്ടിരിക്കുന്നു

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും**

ബാധകമല്ല

**9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ പുനരധിവാസ – പുനസ്ഥാപന നടപടികൾ
- പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിന്റെ റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിന്റെ ഭാഗമായി പെരിമീറ്റർ റോഡ്, വാച്ച് ടവർ നിർമ്മിക്കുന്നതിന് വേണ്ടി കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരുപ്പ് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന്റെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ജില്ലാ കളക്ടർ, മലപ്പുറം, പദ്ധതിയുടെ പുനരധിവാസ-പുനസ്ഥാപന സ്കീമിന്റെ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ട് ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ-പുനഃസ്ഥാപന സ്കീമിന്റെ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

സംസ്ഥാനത്ത് മലപ്പുറം ജില്ലയിൽ കാലിക്കറ്റ് ഇൻറർനാഷണൽ എയർപോർട്ടിൻെറ റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിൻെറ ഭാഗമായി പെരിമീറ്റർ റോഡ്, വാച്ച് ടവർ നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. 2020 ഓഗസ്റ്റിലുണ്ടായ എയർ ഇന്ത്യ എക്സ്പ്രസ് വിമാനപകടത്തെ തുടർന്ന് റൺവേയുടെ സുരക്ഷയും അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും വർദ്ധിപ്പിക്കണമെന്ന് വ്യോമയാന മന്ത്രാലയം നിർദ്ദേശം നൽകിയിരുന്നു. വിമാനങ്ങൾ റൺവേയിൽ നിന്ന് പുറത്തേക്ക് പോയാലുണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള സുരക്ഷിത മേഖലയുടെ നീളം ഇരുവശങ്ങളിലും വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതിക്ക് വേണ്ടി ഏകദേശം 14.5 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുള്ളതും അതിൽ നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടുള്ളതുമാണ്.. പദ്ധതിക്ക് വേണ്ടി പുതുതായി 0.0807 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ, 3 കുടുംബങ്ങളാണ് പദ്ധതി ബാധിതമാകുന്നത്. അതിൽ, രണ്ട് കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുകയും, ഒരു കുടുംബത്തിൻെറ അടഞ്ഞുകിടക്കുന്ന വീടും സ്ഥലവും നഷ്ടപ്പെടുകയും ചെയ്യും. കൂടാതെ, ചുറ്റുമതിൽ, സെപ്റ്റിക് ടാങ്ക്, കിണർ, കുഴൽ കിണർ, ബാത്ത് റൂം, വിറക്പുര തുടങ്ങിയ സൗകര്യങ്ങളും, ഫല വൃക്ഷങ്ങൾ, മരങ്ങൾ, കൃഷി എന്നിവയും ബാധിക്കപ്പെടുന്നു.

പദ്ധതിക്ക് വേണ്ടി ആദ്യ ഘട്ടത്തിൽ 14.5 ഏക്കർ ഭൂമി ഏറ്റെടുത്തപ്പോൾ, നിലവിലെ പദ്ധതിബാധിതരായ 3 ഭൂവുടമകളുടേയും സ്ഥലത്തിൽ കുറവ് വരികയും, പ്രദേശത്തെ മറ്റ് കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെട്ടത് മൂലം, ഇവരുടെ കുടുംബങ്ങൾ പ്രദേശത്ത് ഒറ്റപ്പെട്ട അവസ്ഥയിലാവുകയും, വീടുകളിലേക്കുള്ള ഗതാഗത സൗകര്യം ബാധിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ, പ്രദേശത്ത് RESA യുടെ നിർമ്മാണ

പ്രവർത്തി നടക്കുന്നതിനാൽ, പദ്ധതി പ്രദേശത്തോട് ചേർന്ന് കിടക്കുന്ന ഈ മൂന്ന് കുടുംബങ്ങൾക്കും പോടി ശല്യവും, വൈദ്യുതി തടസ്സങ്ങളും എയർപോർട്ടിൽ നിന്നുള്ള ശബ്ദവും മറ്റ് ബുദ്ധിമുട്ടുകളും മൂലം പ്രദേശത്തെ ജീവിതം കൂടുതൽ ദുസ്സഹമാവുകയും, ഒരു കുടുംബം പ്രദേശത്ത് നിന്നും മാറി താമസിക്കുകയും ചെയ്തിട്ടുള്ളതുമാണ്. പ്രായമായവരും രോഗികളും ഉള്ളതിനാൽ എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാരം ലഭ്യമാകേണ്ടത് ഈ കുടുംബങ്ങളുടെ സമാധാന ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത എല്ലാ ഭൂവുടമകൾക്കും നിലവിലെ ഭൂമി ഏറ്റെടുക്കൽ പദ്ധതിയെക്കുറിച്ച് വളരെ അനുകൂലമനോഭാവമാണ്.

മലപ്പുറം ജില്ലയിൽ കരിപ്പൂർ വിമാനത്താവളത്തിൻെറ റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിൻെറ ഭാഗമായി പെരിമീറ്റർ റോഡ്, വാച്ച് ടവർ നിർമ്മിക്കുന്നതിനായി നെടിയിരുപ്പ് വില്ലേജിൽ നിന്ന് ഏകദേശം 0.0807 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(i) b പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

**11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ ഉൾപ്പെട്ട നെടിയിരുപ്പ് വില്ലേജിൽ നിന്ന് ഏകദേശം 0.0807 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം ഭൂവുടമകൾക്ക് മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും, നിലവിൽ അവർ അനുഭവിച്ച് കൊണ്ടിരിക്കുന്ന ഒറ്റപ്പെട്ട അവസ്ഥയിൽ നിന്നും മറ്റ് മോശം സാഹചര്യങ്ങളിൽ നിന്നും മുക്തി നേടുന്നതിന് സഹായകരമാകും എന്നതോടൊപ്പം, പദ്ധതി പൂർത്തീകരിക്കുന്നതോട് കൂടി കരിപ്പൂർ വിമാനത്താവളത്തിൻെറ സുരക്ഷ വർദ്ധിക്കുകയും, വലിയ വിമാനങ്ങളുടെ സർവീസുകൾ പൂർണ്ണ തോതിൽ പുനരാരംഭിക്കുന്നതിന് സഹായിക്കുകയും, ഇത് മലബാറിലെ പ്രവാസികൾക്കും വ്യവസായ മേഖലക്കും വലിയ നേട്ടമുണ്ടാക്കുകയും ചെയ്യും എന്നതിനാൽ

പദ്ധതിബാധിത കുടുംബങ്ങൾക്ക് പദ്ധതിയോട് വളരെ അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതി യിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവ യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. 2026 മെയ് 14 തിയതിയിലെ കേരള ഗസറ്റ് നമ്പർ 1571 ൽ പ്രസിദ്ധപ്പെടുത്തിയ മലപ്പുറം ജില്ലാ കളക്ടറുടെ 2026 മെയ് 14 തീയതിയിലെ വിജ്ഞാപനം നമ്പർ DCMPM/7347/2024-LA1.